# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.10.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാജ്ഭവനിൽ മുൻ രാഷ്ട്രപതി കെ ആർ നാരായണന്റെ അർദ്ധകായ പ്രതിമ അനാച്ഛാദനം ചെയ്യും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും മുഖ്യമന്ത്രി പിണറായി വിജയനും അടക്കമുള്ള പ്രമുഖർ പങ്കെടുക്കും.

   President Draupadi Murmu will unveil the bust of former President K R Narayanan at the Raj Bhavan today. Governor Rajendra Vishwanath Arlekar and Chief Minister Pinarayi Vijayan will participate in the function.

2. ശ്രീ നാരായണ ഗുരു മഹാസമാധി ശതാബ്ദി സമ്മേളനം രാഷ്ട്രപതി ഇന്ന് ശിവഗിരിയിൽ ഉദ്ഘാടനം ചെയ്യും; പാലാ സെന്റ് തോമസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനത്തിലും ശ്രീമതി ദ്രൗപദി മുർമു സംബന്ധിക്കും.

   The President will inaugurate the Sree Narayana Guru Mahasamadhi Centenary Conference in Sivagiri today; Smt. Draupadi Murmu will also attend the Platinum Jubilee valedictory function of St. Thomas College, Pala.

3. കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രി പിയൂഷ് ഗോയലിന്റെ ജർമ്മൻ സന്ദർശനത്തിന് ഇന്ന് തുടക്കം.

   Union Commerce and Industry Minister Piyush Goyal's visit to Germany begins today.

4. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പിനായുള്ള നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന ദിനം ഇന്ന്.

Today is the last day to withdraw nomination papers for the second phase of voting in the Bihar Assembly elections.

5. കേരളത്തിൽ മഴ തുടരുന്നു. ഇന്ന് 9 ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

Rain continues in Kerala. Yellow alert in 9 districts today; Fishing banned on the coasts of Kerala- Karnataka- Lakshadweep till Sunday.

6. ഐ.സി.സി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ, ഇന്ത്യ ഇന്ന് ന്യൂസിലൻഡിനെ നേരിടും; പുരുഷ ക്രിക്കറ്റിൽ ഇന്ത്യ-ഓസ്ട്രേലിയ രണ്ടാംമത്സരം ഇന്ന്.

In the ICC Women's ODI Cricket World Cup, India takes on New Zealand today; in men's cricket, India-Australia's second match today.

&&&&&&&&&&&&&&&&&

## PRESIDENT- K.R.NARAYAN

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാജ്ഭവനിൽ മുൻ രാഷ്ട്രപതി കെ ആർ നാരായണന്റെ അർദ്ധകായ പ്രതിമ അനാച്ഛാദനം ചെയ്യും.ഗവർണർ രാജേന്ദ്ര ആർലേക്കർ , മുൻ രാഷ്ട്രപതി റാം നാഥ് കോവിന്ദ്, ബിഹാർ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ തുടങ്ങിയവർ പങ്കെടുക്കും. എം പി, കേന്ദ്ര മന്ത്രി, ഉപരാഷ്ട്രപതി, രാഷ്ട്രപതി എന്നിങ്ങനെ വിവിധ ചുമതലകളിൽ പ്രാഗൽഭ്യം തെളിയിച്ച പരിണതപ്രജ്ഞനായിരുന്ന ഭരണാധികാരിയായിരുന്നു മലയാളിയായ കെ ആർ നാരായണൻ.

&&&&&&&&&&&&&&&&&

## PRESIDENT TODAY (INTRO)

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ശിവഗിരിയിൽ. പ്രഥമപൗരയെ സ്വീകരിക്കാനൊരുങ്ങി ശിവഗിരി.

**വിശദാംശങ്ങളിലേയ്ക്ക്....**

(വോയിസ്)

## PRESIDENT TODAY (VOICE)

ശ്രീ നാരായണ ഗുരു മഹാസമാധി ശതാബ്ദിയുടെ 2028 വരെ നീണ്ടു നിൽക്കുന്ന ആഗോള തല പരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിക്കാനാണ് രാഷ്ട്രപതി ദ്രൗപദി മുർമു ശിവഗിരിയിലെത്തുന്നത്. ഉച്ചയോടെ ശിവഗിരിയിലെത്തുന്ന രാഷ്ട്രപതി മഹാ സമാധിയിൽ പ്രണാമമർപ്പിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ, ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, മന്ത്രിമാരായ വി.എൻ.വാസവൻ, വി.ശിവൻകുട്ടി തുടങ്ങിയവർ ഉദ്ഘാടനച്ചടങ്ങിൽ സംബന്ധിക്കും. സന്ദർശനത്തോടനുബന്ധിച്ച് വർക്കലയിൽ സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. ഗതാഗത നിയന്ത്രണവുമുണ്ടാകും. വൈകിട്ട് 3.50 ന് പാലാ സെന്റ് തോമസ് കോളേജ് മൈതാനത്ത് ഹെലികോപ്റ്ററിലെത്തുന്ന രാഷ്ട്രപതി 4.15 ന് കോളിന്റെ പ്ലാറ്റിനം ജൂബിലി സമാപനം ഉദ്ഘാടനം ചെയ്യും.

ന്യൂസ് ഡെസ്ക് ആകാശവാണി....

&&&&&&&&&&&&&&&&&

## PRESIDENTS VISIT TO PALA (INTRO)

പാലാ സെന്റ് തോമസ് കോളേജിലെ രാഷ്ട്രപതിയുടെ സന്ദർശനത്തിനുള്ള ഒരുക്കങ്ങൾ പൂർണ്ണം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി **ലേഖകൻ സ്മിതി എം പള്ളുരുത്തി.**

(വോയിസ്)

&&&&&&&&&&&&&&&&&

## PRESIDENT – TOMORROW

രാഷ്ട്രപതി നാളെ രാവിലെ കോട്ടയത്തു നിന്നു ഹെലികോപ്റ്ററിൽ കൊച്ചിയിലേക്ക് പോകും. എറണാകുളം സെന്റ് തെരേസാസ് കോളേജിന്റെ ശതാബ്ദി ആഘോഷത്തിൽ ശ്രീമതി ദ്രൗപദി മുർമ്മു പങ്കെടുക്കും. വൈകിട്ട് കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഡൽഹിക്ക് മടങ്ങും.

&&&&&&&&&&&&&&&&&

## PRESIDENT – GOVERNOR

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ബഹുമാനാർഥം ഗവർണർ രാജേന്ദ്ര ആർലേക്കർ ഇന്നലെ അത്താഴ വിരുന്ന് സംഘടിപ്പിച്ചു. നഗരത്തിലെ ഹോട്ടലിൽ നടന്ന വിരുന്നിൽ രാഷ്ട്രീയ കലാസാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ, മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് , ബിഹാർ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, കേന്ദ്രമന്ത്രി ജോർജ് കുര്യൻ, സംസ്ഥാന മന്ത്രിമാർ, യു.ഡി.എഫ് കൺവീനർ അടൂർ പ്രകാശ്, ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ തുടങ്ങിയവർ പങ്കെടുത്തു.

&&&&&&&&&&&&&&&&&

## NAVY COMMANDER CONFERENCE

ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യൻ നാവികസേനയുടെ കമാൻഡേഴ്സ് കോൺഫറൻസിനെ രാജ്യരക്ഷാമന്ത്രി രാജ്നാഥ്

സിങ്ങ് ഇന്ന് അഭിസംബോധന ചെയ്യും. 2047 ൽ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള രാജ്യത്തിന്റെ പ്രവർത്തനങ്ങൾ അദ്ദേഹം പങ്കുവെക്കും. സേനാ മേധാവിമാർ, നാവിക കമാൻഡർമാർ തുടങ്ങിയവർ സമ്മേളനത്തെ അഭിസംബോധന ചെയ്യും. മൂന്ന് ദിവസം നീളുന്ന സാമ്മേളനം ഇന്നലെയാണ് ആരംഭിച്ചത്.

&&&&&&&&&&&&&&&&&

## GOYAL- GERMANY

കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രി പിയൂഷ് ഗോയലിന്റെ ജർമ്മൻ സന്ദർശനത്തിന് ഇന്ന് തുടക്കം. ഇന്തോ - ജർമ്മൻ തന്ത്രപരമായ പങ്കാളിത്തത്തിന്റെ 25-ാം വാർഷികത്തിൽ സാമ്പത്തിക, വ്യാപാര പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുകയാണ് സന്ദർശന ലക്ഷ്യം. ജർമ്മൻ സാമ്പത്തിക കാര്യ, ഊർജ മന്ത്രി കാതറീന റീച്ചെയുമായി ശ്രീ.ഗോയൽ ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. ബെർലിൻ ഗ്ലോബൽ ഡയലോഗിന്റെ മൂന്നാം പതിപ്പിൽ അദ്ദേഹം പ്രഭാഷകനായി പങ്കെടുക്കും. ഉഭയകക്ഷി വ്യാപാരം ശക്തിപ്പെടുത്തുന്നതിന്നതിനായി ലക്സംബർഗ് ഉപപ്രധാനമന്ത്രി സേവ്യർ ബെറ്റലുമായി അദ്ദേഹം ഉഭയകക്ഷി ശ്രീ.പിയൂഷ് ഗോയൽ കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&

## BIHAR ASSEMBLY ELECTIONS

ബിഹാർ നിയമസഭയിലേക്കുള്ള രണ്ടാം ഘട്ട തിരഞ്ഞെടുപ്പിനായുള്ള നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ഇന്ന്. 20 ജില്ലകളിലെ 122 നിയമസഭാ മണ്ഡലങ്ങളിൽ അടുത്ത മാസം 11 നാണ് രണ്ടാം ഘട്ട വോട്ടെടുപ്പ്. ആദ്യ ഘട്ടം അടുത്ത മാസം 6-ന് നടക്കും. പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുകയാണ്. വിവിധ രാഷ്ട്രീയ പാർട്ടികളുടെ മുൻനിര നേതാക്കൾ സംസ്ഥാനത്ത് പ്രചാരണ രംഗത്തുണ്ട്. നവംബർ 14 നാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&&

## KERALA RAIN

കേരളത്തിൽ അതി ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട , കോട്ടയം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് എന്നീ 9 ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 26 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&

## SABARIMALA- CUSTODY

ശബരിമല സ്വർണക്കവർച്ചക്കേസിലെ രണ്ടാംപ്രതി ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബി.മുരാരി ബാബുവിനെ പ്രത്യേക അന്വേഷണ സംഘം കസ്റ്റഡിയിലെടുത്തു. ഇന്നലെ രാത്രി 10നു പെരുന്നയിലെ വീട്ടിലെത്തിയാണു കസ്റ്റഡിയിലെടുത്തത്. 2019 കാലത്ത് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായിരുന്ന മുരാരി ബാബു നിലവിൽ സസ്പെൻഷനിലാണ്.

&&&&&&&&&&&&&&&&&

## KAYIKAMELA (INTRO)

സംസ്ഥാന സ്കൂൾ കായിക മേളയുടെ പ്രധാന ഇനമായ അത്ലറ്റിക്സിന് ഇന്ന് തുടക്കമാകും.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്....**

(വോയിസ്)

&&&&&&&&&&&&&&&&&

## MENS CRICKET

ഓസ്ട്രേലിയയിൽ നടക്കുന്ന ഇന്ത്യ ഓസ്ട്രേലിയ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം ഏകദിനത്തിൽ ഇന്ത്യ ഇന്ന് ആതിഥേയരുമായി ഏറ്റുമുട്ടും. ഇന്ത്യൻ സമയം രാവിലെ 9 മണിക്ക് മത്സരം ആരംഭിക്കും. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ കളിയിൽ ഓസ്ട്രേലിയക്കായിരുന്നു ജയം.

&&&&&&&&&&&&&&&&&

## ICC WOMENS CRICKET

ഐ.സി.സി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ, ഇന്ത്യ ഇന്ന് ന്യൂസിലൻഡിനെ നേരിടും. ഉച്ചകഴിഞ്ഞ് 3 മണിക്ക് മുംബൈയിലാണ് മത്സരം. ഇന്നത്തെ മത്സരത്തിൽ പരാജയപ്പെടുന്നവർ ടൂർണമെന്റിൽ നിന്ന് പുറത്താകും. ഇന്നലെ ഇൻഡോറിൽ നടന്ന കളിയിൽ ഓസ്ട്രേലിയ ഇംഗ്ലണ്ടിനെ 6 വിക്കറ്റിന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&

## KABADDI - ASIAN YOUTH GAMES

ബഹറിനിൽ നടക്കുന്ന മൂന്നാം ഏഷ്യൻ യൂത്ത് ഗെയിംസിൽ പുരുഷന്മാരുടെ കബഡിയിൽ ആതിഥേയർക്കെതിരെ ഇന്ത്യക്ക് ജയം. ബഹ്റൈനിലെ ഇസ സ്പോർട്സ് സിറ്റി ഹാളിൽ നടന്ന ഗ്രൂപ്പ് എ മത്സരത്തിൽ 84-40 എന്ന സ്കോറിനാണ് ബഹറിനെ പരാജയപ്പെടുത്തിയത്.

&&&&&&&&&&&&&&&&&

## MEHUL CHOKSI

പഞ്ചാബ് നാഷണൽ ബാങ്ക് തട്ടിപ്പ് കേസിൽ ഒളിവിൽ കഴിയുന്ന വ്യവസായി മെഹുൽ ചോക്സിയെ ഇന്ത്യയ്ക്ക് കൈമാറാൻ ആന്റ്‌വെർപ്പിലെ ഒരു ബെൽജിയൻ കോടതി അനുമതി നൽകി. മെഹുൽ ചോക്സിയെ ബെൽജിയൻ അധികൃതർ അറസ്റ്റ് ചെയ്തത് കോടതി ശരിവച്ചു. തനിക്കെതിരെ ഇന്ത്യയിൽ മനുഷ്യത്വരഹിതമായ സമീപനം ഉണ്ടായെന്നത് ഉൾപ്പെടെയുള്ള ചോക്സിയുടെ വാദങ്ങൾ തെളിവുകളുടെ അഭാവത്തിൽ കോടതി തള്ളി.

&&&&&&&&&&&&&&&&&

## GST REFORMS- HEALTHCARE

പുതുക്കിയ ജിഎസ് ടി നിരക്കുകൾ ആരോഗ്യ മേഖലയ്ക്ക് ഏറെ ഗുണം ചെയ്യുന്നതായി കേന്ദ്ര സർക്കാർ. കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളുടെ 36 ജീവൻ രക്ഷാ മരുന്നുകളുടെ ജിഎസ് ടി എടുത്തുമാറ്റി. ബാൻഡ് എയ്ഡ്, ഗ്ലൂക്കോമീറ്റർ, തെർമോ മീറ്റർ ഉൾപ്പെടെയുള്ള മെഡിക്കൽ ഉപകരണങ്ങളുടെ ജിഎസ് ടി യും 12 ൽ നിന്നും അഞ്ച് ശതമാനമായി കുറച്ചു.

&&&&&&&&&&&&&&&&&

## VEGETABLE OIL PRODUCTS

സസ്യ എണ്ണ ഉൽപന്നങ്ങളുമായി ബന്ധപ്പെട്ട - 2011 ലെ സസ്യ എണ്ണ, ഉൽപാദനം, ലഭ്യത, നിയന്ത്രണ ഉത്തരവിൽ കേന്ദ്ര ഉപഭോക്തൃ കാര്യ, ഭക്ഷ്യ, പൊതുവിതരണ മന്ത്രാലയം, പ്രധാനപ്പെട്ട ഭേദഗതികൾ വിജ്ഞാപനം ചെയ്തു. ഇന്ത്യയിലെ ഭക്ഷ്യ എണ്ണ മേഖലയിലുടനീളം കൂടുതൽ നിയന്ത്രണങ്ങളും, സുതാര്യതയും കൊണ്ടുവരിക എന്നതാണ് ഭേദഗതിയുടെ ലക്ഷ്യം. ഈ മേഖലയുമായി ബനധപ്പെട്ട കൃത്യമായ വിവര ശേഖരണം, തത്സമയ നിരീക്ഷണം, മെച്ചപ്പെട്ട ഇടപെടൽ എന്നിവ ഉറപ്പാക്കുന്നതിൽ പുതിയ നടപടികളിലൂടെ സാധിക്കുമെന്ന് ഉപഭോക്തൃ കാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

&&&&&&&&